പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5781 29.07.2015-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി .പെൻഷൻ

**ചോദ്യം**

ശ്രീ. എളമരം കരീം :
" കെ.വി. അബ്ദുൾ ഖാദർ :
" സി.കെ. സദാശിവൻ :
" എസ്. രാജേന്ദ്രൻ :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ നിന്നും റിട്ടയർ ചെയ്തവർ പെൻഷൻ ലഭിക്കാതിരിക്കുന്നതു മൂലം ആത്മഹത്യചെയ്തുകൊണ്ടിരിക്കുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നല്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | റിട്ടയർ ചെയ്തവർക്ക് അർഹമായ പെൻഷൻ യഥാസമയം നൽകുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് പ്രഖ്യാപിച്ചിരുന്നത്; അവ നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) | കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ വിതരണം ഉൾപ്പെടെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22.12.2014-ൽ ചേർന്ന യോഗത്തിൽ, കെ.എസ്.ആർ.ടി.സി.യിൽ 2015 ഏപ്രിൽ മാസം മുതൽ പെൻഷൻ കൃത്യമായി നൽകുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുവാനും പ്രസ്തുത ഫണ്ടിലേക്ക് ഓരോ മാസവും കെ.എസ്.ആർ.ടി.സി 20 കോടി രൂപ ട്രഷറിയിൽ നിക്ഷേപിക്കുവാനും തുല്യതുക നോൺ പ്ലാൻ വിഹിതമായി (ഒരു വർഷം പരമാവധി 240 കോടി രൂപ) സർക്കാർ നൽകുവാനും തീരുമാനിച്ചിരുന്നു. ഇതിൻ പ്രകാരം പെൻഷൻ ഫണ്ട് രൂപീകരിക്കുകയും, 2015 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ കെ.എസ്.ആർ.ടി.സി ട്രഷറിയിൽ നിക്ഷേപിച്ച തുകയ്ക്ക് തുല്യമായ വിഹിതം സർക്കാർ |

| | | | |
|---|---|---|---|
| | | | അനുവദിക്കുകയും പ്രസ്തുത തുക വിനിയോഗിച്ച് പെൻഷൻ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രതിമാസം പെൻഷൻ നൽകുന്ന തിനാവശ്യമായ തുക എത്ര; ഇത് ഉറപ്പാക്കുന്നത് ഏതെല്ലാം വിധ ത്തിലൂടെയായിരിക്കും എന്ന് വിശദമാക്കാമോ? | (സി) | കെ.എസ്.ആർ.ടി.സിയിൽ പ്രതിമാസം പെൻഷൻ വിതരണം ചെയ്യുന്നതിന് ശരാശരി 42.50 കോടി രൂപ ആവശ്യമാണ്.<br>കെ.എസ്.ആർ.ടി.സിയിൽ പെൻഷൻ കൃത്യമായി നൽകുന്നതിന് സഹായമെന്ന നിലയിൽ ഓരോ മാസവും 20 കോടി രൂപ കെ.എസ്.ആർ.ടി.സി ട്രഷറിയിൽ നിക്ഷേപി ക്കുന്ന മുറയ്ക്ക് ആനുപാതികമായ തുക നോൺ പ്ലാൻ വിഹിതമായി (പ്രതിമാസം പരമാവധി 20 കോടി രൂപ) സർക്കാർ നൽകുമെന്ന് തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. യാത്രക്കാരിൽ നിന്നും സെസ്സ് ഇനത്തിൽ ലഭ്യമാകുന്ന തുകയും ബഹു. ഹൈക്കോടതി ഉത്തരവിൻ പ്രകാരം രൂപീകരിച്ച പെൻഷനറി ബെനിഫിറ്റ് ഫണ്ടിലെ നീക്കിയിരിപ്പ് തുകയും ചേർത്ത് കെ.എസ്. ആർ.ടി.സിയുടെ വിഹിതമായ തുക ട്രഷറി യിലെ പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കു കയും തുല്യമായ തുക നോൺ പ്ലാൻ വിഹിതമായി സർക്കാരിൽ നിന്നും അനുവദി ച്ചുകൊണ്ട് 2015 ഏപ്രിൽ മാസം മുതൽ പെൻഷൻ വിതരണം ചെയ്തു വരികയുമാണ്. ഇതിൻ പ്രകാരം എല്ലാ മാസവും 15-ാം തീയതി തന്നെ പെൻഷൻ വിതരണം ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ